LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ കണക്കുപ്രകാരം സംസ്ഥാനത്ത് കടകളിലും മറ്റ് വാണിജ്യസ്ഥാപനങ്ങളിലുമായി 6,99,393 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) 1948-ലെ മിനിമം വേതന നിയമപ്രകാരമാണ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

1960-ലെ കേരള ഷോപ്പ് & കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്, 1961-ലെ മെറ്റേണിറ്റി ബെനഫിറ്റ് ആക്ട്, 1948-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ട് എന്നീ നിയമപ്രകാരമുള്ള തൊഴിൽ പരിരക്ഷ ജീവനക്കാർക്ക് ലഭിക്കുന്നുണ്ട്.

(സി) 29-8-2014 - ൽ നിലവിൽ വന്ന കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കുന്നതിന്റേയും, നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റേയും ഭാഗമായി സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമവേളകളിൽ ഇരിക്കുവാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള ഭേദഗതി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 23-7-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്.)100/2009/തൊഴിൽ പ്രകാരം നിശ്ചയിച്ച മിനിമം വേതനമാണ് കടകളിലും വാണിജ്യ സ്ഥപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്നത്. നിലവിലുള്ള മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ മിനിമം വേതന ഉപദേശക സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് സമിതി, മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിന് കീഴിലെ ക്ലാസ് നാല് വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം

222 (4508) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ ക്ലാസ് നാല് വിഭാഗം തസ്തികയിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്തു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് ഏതു പ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) അവസാനമായി എന്നാണ് ക്ലാസ് നാല് വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയതെന്ന് പറയാമോ;

(ഡി) ഇതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നും നിലവിൽ ജോലി ചെയ്യുവരുന്ന എത്ര പേർക്കാണ് ഇപ്രകാരം സ്ഥാനക്കയറ്റം ലഭിച്ചതെന്നും വിശദമാക്കാമോ;

(ഇ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 3-1-2014-ലെ സ.ഉ. (പി) നമ്പർ 1/2014 പ്രകാരം പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സ്ഥാനക്കയറ്റം നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വൈകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിനുകീഴിൽ ക്ളാസ് 4 വിഭാഗം തസ്തികയിൽ 192 ജീവനക്കാർ ജോലി ചെയ്യുവരുന്നു.

(ബി) 24-01-2012-ലെ ജി.ഒ.(എം.എസ്) 14/12/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് വിഭാഗം ജീവനക്കാർക്ക് എൽ.ഡി.ക്ളാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 4% പ്രൊമോഷൻ വഴി നൽകുന്നതിന് ഉത്തരവാകുകയും അതനുസരിച്ച് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് ജീവനക്കാരിൽനിന്നും വിദ്യാഭ്യാസ യോഗ്യതയും സീനിയോറിറ്റിയും മാനദണ്ഡമാക്കി യോഗ്യതയുള്ള ജീവനക്കാരിൽനിന്നും ഓപ്ഷൻ ലഭ്യമാക്കി സ്ഥാനക്കയറ്റം നൽകുകയും തുടർന്ന് സർക്കാരിലെ 3-1-2014-ലെ സർക്കാർ ഉത്തരവ് (പി) നം.1/2014 പ്രകാരം 10% ഒഴിവുകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് വിഭാഗം ജീവനക്കാർക്ക് വിദ്യാഭ്യാസ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ മാനദണ്ഡമാക്കി തസ്തികമാറ്റം വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 22-6-2012-ലാണ് ക്ളാസ്സ് -4 വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയത്.

(ഡി) സർക്കാരിലെ 24-01-2012-ലെ ജി.ഒ. (എം.എസ്.) 14/2012/തൊഴിൽ നമ്പർ ഉത്തരവിന്റെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന് വിധേയമായി തൊഴിൽ വകുപ്പിലെ ക്ളാസ്സ്-4 വിഭാഗം ജീവനക്കാർക്ക് തസ്തികയുടെ 4% കണക്കാക്കി 16 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ളാർക്ക് തസ്തികയിലും 3 പേർക്ക് ടൈപ്പിസ്റ്റ് തസ്തികയിലും പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഇ) സ്ഥാനക്കയറ്റം നൽകിയിട്ടില്ല. 3-1-2014-ലെ സർക്കാർ ഉത്തരവിന് സ്പഷ്ടീകരണം നൽകിയ 19-7-2014- ലെ ഉത്തരവിൽ ജില്ലാതല സീനിയോറിറ്റി crade strength - ൽ നിജപ്പെടുത്തി ഉത്തരവായതിനുശേഷം മാത്രമേ 3-1-2014- ലെ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ പാടുള്ളുവെന്ന് അറിയിച്ചിട്ടുള്ളതിനാൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സുമാരുടെ ജില്ലാതല സീനിയോറിറ്റി തയ്യാറാക്കിവരുന്നു.

സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം

223 (4509) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വിഭാഗം ജീവനക്കാരുടെയും മിനിമം വേതനം എത്ര വീതമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; മിനിമം വേതനം നിലവിൽ വന്നിട്ട് എത്ര കാലമായി;

(ബി) ജീവനക്കാർക്ക് മിനിമം വേതനം നൽകാത്ത ആശുപത്രികളുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആശുപത്രികൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഓരോ ജില്ലയിലും ഇത്തരം എത്ര ആശുപത്രികളുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും വേണ്ടി വ്യത്യസ്ത വേതന നിരക്കുകൾ ഉൾപ്പെടുത്തി സർക്കാരിന്റെ സ.ഉ. (എം.എസ്) നമ്പർ 135/2013/തൊഴിൽ പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 2013-നവംബർ മുതൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത വിജ്ഞാപനത്തിലെ ഓരോ വിഭാഗം ജീവനക്കാർക്കുമുള്ള വേതന നിരക്ക് പ്രസ്താവിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ആയത് തൊഴിൽവകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ളത് കാണാവുന്നതാണ്.

(ബി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും, ജില്ലാ ലേബർ ഓഫീസർമാരുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്തുകയും, നിയമലംഘനം കണ്ടെത്തിയ സ്ഥാപനങ്ങളിൽ സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നടപ്പിലാക്കിയിട്ടില്ലാത്ത സ്വകാര്യ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly